REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു അടുത്തമാസം മൂന്നിന് നാവിക ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ തിരുവനന്തപുരത്തെത്തും.**
- **ഇന്ത്യ, ബഹിരാകാശ മേഖലയെ നൂതന സാങ്കേതികവിദ്യാധിഷ്ഠിത സംവിധാനമാക്കി പരിവർത്തനം ചെയ്തെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **ലേബർകോഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗം ആരംഭിച്ചു.**
- **ശബരിമല സന്നിധാനത്ത് ഭക്തരുടെ തിരക്ക് തുടരുന്നു.**
- **സയ്യിദ് മുഷ്താഖ് അലി ട്വന്റി 20 ക്രിക്കറ്റ് ടൂർണ്ണമെന്റിൽ നാളെ കേരളം, റെയിൽവേയെ നേരിടും.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ഡിസംബർ മൂന്നിന് തിരുവനന്തപുരത്തെത്തും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....

(വോയ്സ്).......

നാവിക ദിനത്തോട് അനുബന്ധിച്ചുള്ള നാവികസേനാ ശക്തി പ്രകടനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കാനാണ് രാഷ്ട്രപതി തിരുവനന്തപുരത്ത് എത്തുന്നത്. ഡിസംബർ മൂന്നിന് തിരുവനന്തപുരത്ത് വിമാനമിറങ്ങുന്ന രാഷ്ട്രപതി അന്നു വൈകിട്ട് അഞ്ചു മണി മുതൽ ശംഖുമുഖം ബീച്ചിൽ

നടക്കുന്ന നാവിക ശക്തി പ്രകടനം വീക്ഷിക്കും. ശംഖുമുഖത്തെ പരിപാടിക്കു ശേഷം രാജ്ഭവനിൽ എത്തുന്ന രാഷ്ട്രപതി ഡിസംബർ നാലിനു രാവിലെ ഡെൽഹിക്കു മടങ്ങും.

✪✪✪

ഈ വർഷം ഡിസംബറിൽ ചേരുന്ന ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയുടെ ഒരുക്കങ്ങൾ പുരോഗമിക്കുകയാണെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ ഇത്തവണ ഉച്ചകോടിയിൽ പങ്കെടുക്കുമെന്നും ഉച്ചകോടിയുടെ തിയതി ഉടൻ പ്രഖ്യാപിക്കുമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

പുടിന്റെ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ സഹായിക്കുമെന്നും രൺധീർ ജയ്സ്വാൾ പറഞ്ഞു.

✪✪✪

ഏഴ് വർഷത്തിനിടെ ഇന്ത്യ ബഹിരാകാശ മേഖലയെ നൂതന സാങ്കേതികവിദ്യാധിഷ്ഠിത സംവിധാനമാക്കി പരിവർത്തനം ചെയ്തെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യൻ ബഹിരാകാശ സ്റ്റാർട്ടപ്പായ സ്കൈറൂട്ടിന്റെ ഇൻഫിനിറ്റി ക്യാമ്പസ് വീഡിയോ കോൺഫറൻസിങ് വഴി ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക് വോയ്സ്...

.......വോയ്സ്.......

പതിറ്റാണ്ടുകളായി ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനം ബഹിരാകാശ യാത്രയെ പുതിയ ഉയരങ്ങളിലേക്ക് നയിച്ചുവെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. വിശ്വാസ്യത, ശേഷി, മൂല്യം എന്നിവയിലൂടെ ആഗോള ബഹിരാകാശ ഭൂപടത്തിൽ ഇന്ത്യ തനതായ ഇടം കണ്ടെത്തിയെന്നും അദ്ദേഹം അറിയിച്ചു.

നൂതന ആശയങ്ങളും, വെല്ലുവിളികളും ഏറ്റെടുക്കുന്നതിന് കഴിവ്, സംരംഭകത്വം എന്നിവയിലൂടെ നമ്മുടെ യുവശക്തി പുതിയ ഉയരങ്ങളിലെത്തുകയാണ്. ഗവൺമെന്റ് ബഹിരാകാശ മേഖല തുറന്നുകൊടുത്തപ്പോൾ, യുവജനങ്ങൾ പ്രത്യേകിച്ചും ജെൻ-സി വിഭാഗത്തിൽപെട്ടവർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ മുന്നോട്ട് വന്നെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഒന്നിലധികം വിക്ഷേപണ വാഹനങ്ങൾ രൂപകൽപന ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും പരീക്ഷിക്കുന്നതിനും രണ്ട് ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ അത്യാധുനിക സൗകര്യങ്ങളോടെ

ജോലിസ്ഥലമാണ് സ്കൈറൂട്ടിന്റെ ഇൻഫിനിറ്റി ക്യാമ്പസിലൊരുക്കിയത്. എല്ലാ മാസവും ഒരു പരിക്രമണ റോക്കറ്റ് നിർമിക്കാൻ ശേഷിയുണ്ടിതിന്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പൂർവ വിദ്യാർത്ഥികളും, ISRO ശാസ്ത്രജ്ഞരുമായ പവൻ ചന്ദനയും ഭരത് ധാക്കയും സ്ഥാപിച്ച ഇന്ത്യയിലെ സ്വകാര്യ ബഹിരാകാശകമ്പനിയാണ് സ്കൈറൂട്ട്.

✪✪✪

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ഇന്തോനേഷ്യൻ മന്ത്രി സ്ജാഫ്രി സ്ജാംസൗദ്ദീനുമായി മൂന്നാമത് ഇന്ത്യ-ഇന്തോനേഷ്യ രാജ്യരക്ഷാമന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുക്കും.

ഉഭയകക്ഷി പ്രതിരോധ മേഖലയിൽ സഹകരണം കൂടുതൽ ശക്തമാക്കുന്നതിന് കാര്യങ്ങൾ യോഗം ചർച്ച ചെയ്യുമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

ഇന്ത്യ-മൊറോക്കോ പ്രതിരോധ സഹകരണം ശക്തിപ്പെടുത്തുന്നതിന് സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ, റോയൽ മൊറോക്കൻ നേവി ഇൻസ്പെക്ടർ ജനറൽ റിയർ അഡ്മിറൽ മുഹമ്മദ് താഹിനുമായി കൂടിക്കാഴ്ച നടത്തി. പ്രതിരോധ കയറ്റുമതി, സമുദ്ര സുരക്ഷാ സഹകരണം ഉൾപ്പെടെ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തു.

✪✪✪

ജുഡീഷ്യറിയുടെ പ്രവർത്തനത്തിലോ വിധിന്യായത്തിലോ ഗവൺമെന്റ് ഇടപെടലില്ലെന്ന് സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് ബി ആർ ഗവായ് ന്യൂഡൽഹിയിൽ പറഞ്ഞു. കൊളീജിയം തീരുമാനമെടുക്കുമ്പോൾ നിരവധി കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

ഡൽഹി ചുവപ്പുകോട്ട സ്ഫോടനക്കേസിലെ ഏഴാം പ്രതി സോയാബിനെ പത്ത് ദിവസത്തേക്ക് ദേശീയ അന്വേഷണ ഏജൻസി കസ്റ്റഡിയിൽ വിട്ടു. ഫരീദാബാദിൽ NIA അറസ്റ്റ് ചെയ്ത സോയാബിനെ പട്യാല ഹൗസ് കോടതിയിൽ ഹാജരാക്കുകയായിരുന്നു. കേസിലെ മറ്റൊരു പ്രതിയായ ആമിർ റാഷിദ് അലിയുടെ കസ്റ്റഡി കാലാവധി, കോടതി ഏഴ് ദിവസത്തേക്ക് കൂടി നീട്ടി.

✪✪✪

പ്രത്യേക തീവ്ര വോട്ടർ പട്ടിക പുതുക്കൽ രണ്ടാം ഘട്ടം ആരംഭിച്ചതിനുശേഷം 50 കോടി 59 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വോട്ടർമാർക്ക് വിതരണം ചെയ്തതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട 51 കോടിയോളം വോട്ടർമാരുടെ 99.25 ശതമാനമാണിത്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിന് തപാൽ ബാലറ്റ് അയച്ചു കൊടുക്കുന്നതിന് തപാൽ സ്റ്റാമ്പ് ആവശ്യമില്ലെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. തപാൽ ബാലറ്റ് അപേക്ഷകർക്ക് അയച്ചു കൊടുക്കുമ്പോഴും അതിൽ വോട്ടു രേഖപ്പെടുത്തി വരണാധികാരിക്ക് തിരിച്ച് അയക്കുമ്പോഴും തപാൽ സ്റ്റാമ്പ് ആവശ്യമില്ല. തപാൽ വകുപ്പ് ഇതിനായി ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

വരണാധികാരികൾക്ക് അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് തപാൽ ബാലറ്റുകൾ വിതരണം ചെയ്ത് തുടങ്ങിയതായും കമ്മീഷൻ വൃത്തങ്ങൾ ആകാശവാണിയോട് പറഞ്ഞു. കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരം തിരഞ്ഞെടുപ്പ് ജോലിയിലല്ലാത്ത ആർക്കും പോസ്റ്റൽ വോട്ട് സൗകര്യം ഏർപ്പെടുത്താൻ കഴിയില്ലെന്ന് കമ്മീഷൻ വ്യക്തമാക്കി.

✪✪✪

BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഇന്ന് കണ്ണൂരിലും തലശ്ശേരിയിലും തിരഞ്ഞെടുപ്പ് പ്രചരണ പരിപാടികളിൽ പങ്കെടുക്കും. വൈകിട്ട് അഞ്ച് മണിക്ക് തലശ്ശേരി പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് വികസിത തലശ്ശേരി പ്രഖ്യാപന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

KPCC വൈസ് പ്രസിഡന്റ് രമ്യ ഹരിദാസ് ഇന്ന് കണ്ണൂർ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ തിരഞ്ഞെടുപ്പ് പര്യടനം നടത്തും. ജില്ലയിൽ LDFന്റെ തെരഞ്ഞെടുപ്പ് പ്രചാരണവും ഊർജ്ജിതമായി. വിവിധ കേന്ദ്രങ്ങളിൽ ഇ പി ജയരാജനടക്കം നേതാക്കൾ പ്രചാരണത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിന് മുന്നോടിയായി, ഔട്ട്ഡോർ ട്രെയിനിങ് എക്സിബിഷൻ ഇന്ന് വൈകിട്ട് അക്കാദമി മൈതാനിയിൽ നടത്തും. വിവിധ അഭ്യാസ മുറകൾ കേഡറ്റുകൾ ഉദ്യോഗസ്ഥർക്കും കുടുംബാംഗങ്ങൾക്കും മുന്നിൽ അവതരിപ്പിക്കും. നാളെ രാവിലെയാണ് ബിരുദദാന ചടങ്ങ്. ശനിയാഴ്ചത്തെ പാസിംഗ് ഔട്ട് പരേഡിൽ സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ മുഖ്യാതിഥിയാകും.

✪✪✪

ഊർജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് ദേശീയ പുരസ്കാരം. 2024 ലെ സീം നാഷണൽ എനർജി മാനേജ്മെന്റ് പുരസ്കാരങ്ങളിൽ പ്ലാറ്റിനം അവാർഡ് ആണ് തിരുവനന്തപുരത്തിന് ലഭിച്ചത്.

2023-ൽ ഇതേ വിഭാഗത്തിൽ തിരുവനന്തപുരം ഗോൾഡ് അവാർഡ് നേടിയിരുന്നു. റൂഫ് ടോപ് സോളാർ ഒപ്റ്റിമൈസേഷൻ, എനർജി ഓഡിറ്റ്, ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വൈദ്യുതി ഉപയോഗ നിയന്ത്രണം എന്നിവ പരിഗണിച്ചാണ് പുരസ്കാരം.

✪✪✪

ഇന്ത്യൻ ഓഹരി വിപണിയിൽ ഇന്ന് ശക്തമായ മുന്നേറ്റം. സെൻസെക്സും, നിഫ്റ്റിയും റെക്കോർഡ് ഉയരങ്ങൾ കീഴടക്കി. 26,306 എന്ന പുതിയ ഉയരത്തിലെത്തിയാണ് നിഫ്റ്റി ചരിത്രം കുറിച്ചത്. 2024 സെപ്റ്റംബർ 27-ന് രേഖപ്പെടുത്തിയ 26,277 ആയിരുന്നു ഇതിനു മുൻപത്തെ ഏറ്റവും ഉയർന്ന നില. സെൻസെക്സ് ആദ്യമായി 86,000 കടന്ന് 86,026 എന്ന ഉയരത്തിൽ എത്തി.

US-ലും ഇന്ത്യയിലും പലിശ നിരക്കുകൾ കുറയ്ക്കുമെന്ന പ്രതീക്ഷകൾ വർധിച്ചതാണ് നിക്ഷേപകരിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ചത്. കൂടാതെ, വിദേശ നിക്ഷേപകരുടെ തുടർച്ചയായ ഓഹരി വാങ്ങലുകളും വിപണിക്ക് ഊർജ്ജം പകർന്നു.

✪✪✪

ശബരിമല സന്നിധാനത്ത് ഭക്തരുടെ തിരക്ക് തുടരുന്നു. സ്പോട്ട് ബുക്കിംഗ് 5000 ആയി നിജപ്പെടുത്തിയിട്ടും ഇന്നലെ മാത്രം 87,493 ഭക്തരാണ് ദർശനത്തിനെത്തിയത്. ഇന്ന് രാവിലെ എട്ട് വരെ 31,395 ഭക്തരാണ് സന്നിധാനത്തെത്തിയത്. തിരക്ക് പരിഗണിച്ച് നിലയ്ക്കലിൽ നിന്നും പമ്പയിൽ നിന്നും ബാച്ചായി തിരിച്ചാണ് തീർത്ഥാടകരെ കടത്തിവിടുന്നത്.

✪✪✪

കേന്ദ്രഗവണ്മെന്റ് വിജ്ഞാപനം ചെയ്ത ലേബർകോഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗം ആരംഭിച്ചു. ഓൺലൈൻ ആയാണ് യോഗം പുരോഗമിക്കുന്നത്.

✪✪✪

ചൈന പാകിസ്ഥാനെ പിന്തുണയ്ക്കുന്നത് തടയാൻ, അരുണാചൽ പ്രദേശ് ചൈനയ്ക്ക് കൈമാറാൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്രദ്വിവേദി നിർദേശിച്ചതായി പ്രചരിക്കുന്ന  വിഡിയോ വ്യാജമാണെന്ന് തെളിഞ്ഞു. PIBയുടെ ഫാക്ട് ചെക്ക് വിഭാഗമാണ് ഇത് തെളിയിച്ചത്.

ഇന്ത്യ-പാക് സന്ദർശനത്തിനിടെ ചൈനീസ് സാങ്കേതിക വിദ്യയിൽ റഫേൽ ജെറ്റുകൾ നശിപ്പിച്ചെന്ന് അദ്ദേഹം സമ്മതിച്ചെന്ന വീഡിയോയും വ്യാജമാണ്. തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത്, പാകിസ്ഥാൻ ആസ്ഥാനമായ വ്യാജ സാമൂഹിക മാധ്യമ അക്കൗണ്ടുകളാണെന്നും PIB അറിയിച്ചു. തെറ്റായ ഉള്ളടക്കം പങ്കിടരുതെന്നും കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗികവും വിശ്വസനീയുമായ ഉറവിടങ്ങളെ ആശ്രയിക്കണമെന്നും PIB നിർദേശിച്ചു.

✪✪✪

ചൊവ്വയിലെ മൂന്നര ബില്യൺ വർഷം പഴക്കമേറിയ  ഗർത്തത്തിന് കൃഷ്ണൻ എന്ന് പേരിട്ടു. ഗർത്തത്തിന് പ്രമുഖ ജിയോളജിസ്റ്റായ എം.എസ്. കൃഷ്ണന്റെ പേര് നൽകണമെന്ന നിർദ്ദേശം അന്താരാഷ്ട്ര ജ്യോതിശാസ്ത്ര യൂണിയൻ ഔദ്യോഗികമായി അംഗീകരിച്ചു. പുരാതന ഹിമാനികളുടെ സാന്നിധ്യം ശാസ്ത്രീയമായി തെളിയിച്ച പ്രദേശത്തിലാണ് ഈ ഗർത്തം സ്ഥിതിചെയ്യുന്നത്.

✪✪✪

ബംഗളൂരുവിൽ കനത്ത മൂടൽമഞ്ഞ് കാരണം നിരവധി വിമാനങ്ങൾ വൈകി. കെംപഗൗഡ വിമാനത്താവളത്തിൽ ഇന്ന് പുലർച്ച മുതൽ 41 വിമാനങ്ങൾ വൈകിയതായി വിമാനത്താവള വക്താവ് അറിയിച്ചു.

✪✪✪

പത്തനംതിട്ട കോന്നി തുമ്പാക്കുളത്ത് ഓട്ടോറിക്ഷ മറിഞ്ഞ് മരിച്ച ഏഴ് വയസുകാരി ആദിലക്ഷ്മിയുടെ പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കി മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. നാല് വയസുകാരൻ യദുകൃഷ്ണന്റെ പോസ്റ്റ്മോർട്ടം നടപടികൾ കോന്നി മെഡിക്കൽ കൊളേജിൽ പൂർത്തിയാക്കിയ ശേഷം ഇരുവരുടെയും മൃതദേഹങ്ങൾ കരിമാൻതോട് ശ്രീ നാരായണ സ്കൂളിൽ പൊതുദർശനത്തിന് വയ്ക്കും. തുടർന്ന് വീടുകളിലെത്തിച്ച് സംസ്കരിക്കും.

ഇന്നലെ വൈകിട്ടാണ് വിദ്യാർത്ഥികളുമായി പോവുകയായിരുന്ന ഓട്ടോറിക്ഷാ മറിഞ്ഞത്.

✪✪✪

ഭിന്നശേഷിക്കാരായ കുട്ടികളെ പങ്കെടുപ്പിച്ച് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ സംഘടിപ്പിക്കുന്ന കായികോത്സവം "ബഡ്സ് ഒളിമ്പ്യ 2025", പോലീസ് പരേഡ് ഗ്രൗണ്ടിൽ ആരംഭിച്ചു. ജില്ലാ കലക്ടർ അരുൺ കെ വിജയൻ ഉദ്ഘാടനം ചെയ്തു.

രാവിലെ വർണ്ണശബളമായ മാർച്ച് പാസ്റ്റിൽ വിദ്യാർഥികളും രക്ഷിതാക്കളും പങ്കെടുത്തു. 35 ഇനങ്ങളിൽ 300-ഓളം കായിക താരങ്ങൾ പങ്കെടുക്കുന്നുണ്ട്. വൈകുന്നേരം സിറ്റി പോലീസ് കമ്മീഷണർ നിധിൻ രാജ് സമ്മാനദാനം നിർവഹിക്കും.

✪✪✪

ഭിന്നശേഷിക്കാരായ കുട്ടികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ച് വയനാട് ജില്ലയിലെ വൈത്തിരി ഗവ. ഹയർസെക്കൻഡറി സ്കൂൾ സംഘടിപ്പിക്കുന്ന 'സ്നേഹായനം' യാത്രയ്ക്ക്, സമഗ്രശിക്ഷ കോഴിക്കോട് സ്വീകരണമൊരുക്കും. വൈകീട്ട് ബീച്ചിലെ ഫ്രീഡം സ്ക്വയറിലാണ് സ്വീകരണം. ഇതോടനുബന്ധി വൈട്ട് ആറു വരെ കുട്ടികളുടെ സർഗസന്ധ്യയും അരങ്ങേറും.

55 അംഗ സംഘമാണ് ബി.ആർ.സി വൈത്തിരിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന, സ്നേഹായനം പഠന-വിനോദ യാത്രയിൽ പങ്കെടുക്കുന്നത്.

✪✪✪

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ രണ്ടാമത് സംസ്ഥാന കലോത്സവത്തിന് നാളെ കോഴിക്കോട്ട് തിരിതെളിയും. വൈകീട്ട് നാലിന് മീഞ്ചന്ത ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിൽ നടക്കുന്ന ചടങ്ങിൽ കവിയും ഗാനരചയിതാവുമായ കൈതപ്രം ദാമോദരൻ നമ്പൂതിരി കലോത്സവം ഉദ്ഘാടനം ചെയ്യും. വി.ടി. മുരളി, നിലമ്പൂർ ആയിഷ എന്നിവർ മുഖ്യാതിഥികളാകും.

ആർടസ് കോളേജിലെ മൂന്ന് വേദികളിലായി സംഘടിപ്പിക്കുന്ന കലോത്സവത്തിൽ 1500 ഓളം മത്സരാർത്ഥികൾ പങ്കെടുക്കും. കലോത്സവം ഞായറാഴ്ച സമാപിക്കും.

✪✪✪

പാഴ് വസ്തുക്കളും പ്ലാസ്റ്റിക്കും മറ്റും കത്തിക്കുന്നത് കാൻസറിന് വരെ കാരണമാകുമെന്നതിനാൽ നിയമലംഘനം നടത്തുന്നവർക്കെതിരെ 1994-ലെ കേരള മുൻസിപ്പാലിറ്റി നിയമപ്രകാരം നടപടിയെടുക്കാൻ നഗരസഭയ്ക്ക് ബാധ്യതയുണ്ടെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് പറഞ്ഞു.

നിയമം യഥാവിധി നിറവേറ്റണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ഉത്തരവ് നടപ്പിലാക്കി ഒരു മാസത്തിനകം അറിയിക്കണമെന്നും ഉത്തരവിൽ പറഞ്ഞു. കോഴിക്കോട് പൊക്കുന്ന് പട്ടേൽത്താഴം സ്വദേശി സമർപ്പിച്ച പരാതിയിലാണ് നടപടി.

✪✪✪

*News Editor സി കെ സുരേഷ്*
*News Reader: സബിത കെ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*